"ഭരണഭാഷ - മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം ,
CIN : U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ് ): 0471 2514554 ഇമെയിൽ : safety@kseb.in

**സംഗ്രഹം**

**2019 വർഷം സമ്പൂർണ്ണ സുരക്ഷാ വർഷമായി ആചരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ജി /ഇ )

ഓഫീസ് ഉത്തരവ് ( സി. എം. ഡി) നം : 975/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018/465) തിരുവനന്തപുരം തീയതി 12. 12. 2018.

പരാമർശം : 1. ചീഫ് സേഫ്റ്റി കമ്മീഷണറുടെ 22.11.2018 -ലെ CSC/safety/ 2018-19/ 465 നമ്പർ കുറിപ്പ്
2. BO(CMD) No. 3270/2017 (CSC/ Safety/2017-18) Tvpm, dated: 28.12.2017

## ഉത്തരവ്

മേൽ സൂചന 2 പ്രകാരമുള്ള ബോർഡ് ഉത്തരവ് അനുസരിച്ച് "ZERO ACCIDENT YEAR- 2018" എന്ന ബോർഡ് 2018 ജനുവരിയിൽ എല്ലാ സെക്ഷനിലും സ്ഥാപിച്ച് അപകട രഹിത സ്ഥാപനം എന്ന വിഷൻ സുരക്ഷ കാമ്പെയിന്റെ ഭാഗമായി സംഘടിപ്പിച്ചു. ഈ കാമ്പെയിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഈ വർഷം നടത്തുകയുണ്ടായി.

- അശാസ്ത്രീയമായ ചങ്ങല എർത്തിംഗിന്റെ ദോഷങ്ങൾ ജീവനക്കാരെ പഠിപ്പിക്കുകയും പകരം സംവിധാനമായി ഇക്യുപൊട്ടെൻഷ്യൽ ബോണ്ടിംഗ് രീതിയിൽ ഫീൽഡ് പരിശീലനം നൽകുകയും ചെയ്തു.
- CEA നിഷ്കർഷിക്കുന്ന നിലയിൽ 10 മണിക്കൂർ ഫസ്റ്റ് എയിഡ്, മറ്റ് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി.
- CEA നിഷ്കർഷിക്കുന്ന എല്ലാ സുരക്ഷ ഉപകരണങ്ങളും, അത്യാവശ്യ റ്റൂൾസും അടങ്ങിയ സേഫ്റ്റി കിറ്റ് എല്ലാ ലൈൻമാൻമാർക്കും നൽകി.
- CEA നിഷ്കർഷിക്കുന്ന എല്ലാ സുരക്ഷ ഉപകരണങ്ങൾ കരാർ ജീവനക്കാർക്കും നൽകി തുടങ്ങി.
- അപകടങ്ങൾ ആവർത്തിക്കാതിരിക്കാനായി കേസ് സ്റ്റഡിയും അതിന്റെ ശിൽപ്പശാലയും നടത്തി.
- ലൈൻ സ്റ്റാഫിനു വൃത്തിയുള്ള വിശ്രമമുറി ഒരുക്കി.
- KSEBL-ന്റെ സേഫ്റ്റി പോളിസിയും സേഫ്റ്റി പ്രൊസീജിയറും തയ്യാറാക്കി.
- "ഓപ്പറേഷൻ രക്ഷ" എന്ന വർക്ക് സൈറ്റ് മിന്നൽ പരിശോധനയിലൂടെ നാലു ദിവസം കൊണ്ട് 6178 ബോർഡ്/കരാർ ജീവനക്കാർ ജോലി ചെയ്യുന്ന 1385 വർക്ക് സൈറ്റുകൾ സന്ദർശിച്ച് സുരക്ഷാ പരിശോധന നടത്തി.
- സുരക്ഷാ നിയമങ്ങളും അനുബന്ധ ഉത്തരവുകളും തങ്ങളുടെ സുരക്ഷയ്ക്കാണെന്നും അവ ലംഘിച്ചാൽ കുറ്റകരമാണെന്നുമുള്ള ബോധം ജീവനക്കാരിൽ വളർത്താനായി.

ഇവയെല്ലാം മൂലം KSEB Ltd ൽ പുതിയ സുരക്ഷാ സംസ്കാരം രൂപപ്പെടുത്തുന്നതിന് നാന്ദി കുറിക്കാനായിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി ജീവനക്കാരുടെ അപകടങ്ങളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

"ഭരണഭാഷ- മാതൃഭാഷ"

CEA സേഫ്റ്റി റെഗുലേഷൻ 2011, റെഗുലേഷൻ 11 h (3) അനുസ്സരിച്ച് വിവിധങ്ങളായ സേഫ്റ്റി പ്രൊമോഷണൽ ആക്റ്റിവിറ്റികൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 12.11.2018 ന് കൂടിയ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ് ലെവൽ മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യുകയും അപകടമെന്ന വാക്ക് ഇനി വേണ്ടായെന്നും 2019 വർഷം സമ്പൂർണ്ണ സുരക്ഷാ വർഷം എന്ന നിലയിൽ ആചരിക്കുവാനുമുള്ള നിർദ്ദേശം മുന്നോട്ടുവച്ചു . **"സമ്പൂർണ്ണ സുരക്ഷാ വർഷം- 2019"** എന്ന ഒരു ഡിസ്.പ്ലേ ബോർഡ് 125 CM x 85 CM വലിപ്പത്തിൽ എല്ലാ ഓഫീസിലും സ്ഥാപിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ മേൽ സൂചന കുറിപ്പിന്റെ അടിസ്ഥാനത്തിൽ 2019 വർഷം KSEB Ltd ൽ സമ്പൂർണ്ണ സുരക്ഷാവർഷം ആയി ആചരിക്കുവാനും ZERO ACCIDENT YEAR- 2018" എന്ന ബോർഡ് 2018 ഡിസംബർ 31 - നു മാറ്റി ആ സ്ഥാനത്ത് 2019 ജനുവരി 1 – നു **"സമ്പൂർണ്ണ സുരക്ഷാ വർഷം- 2019 "** എന്ന ഇതിനോടൊപ്പമുള്ള മാതൃകയിലുള്ള ബോർഡ് 125 CM x 85 CM വലിപ്പത്തിൽ കെ എസ് ഇ ബി ലിമിറ്റഡിന്റെ എല്ലാ ഓഫീസിലും സ്ഥാപിക്കുന്നതിനും ഇതിനാവശ്യമായ തുക അസിസ്റ്റന്റ് എഞ്ചിനിയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ ഇംപ്രസ്റ്റിൽ നിന്നും ചിലവഴിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ്/-

പി. ജി. ഉണ്ണികൃഷ്ണൻ
സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ ( ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ ( സേഫ്റ്റി) യുടെ ടി.എ/ ഡയറക്ടർ ( ടി & എസ്.ഒ) യുടെ ടി.എ / എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ പ്രസരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സേഫ്റ്റി)